Dated : 25/08/2021

## കളിത്തോക്ക് ചൂണ്ടി കുടുംബത്തിനെ പരിക്കേൽപ്പിച്ച സംഘത്തിലെ ഒളിവിലായിരുന്നവർ പോലീസ് പിടിയിലായി

കൊല്ലം : തേവലക്കര പാലയ്ക്കൽ ക്ഷേത്രക്കുളത്തിന് സമീപം വച്ച് കാറിൽ വന്ന കുടുംബത്തിനെ ആക്രമിച്ചതിനെ തുടർന്ന് ഒളിവിൽ പോയിരുന്ന യുവാക്കൾ പോലീസ് പിടിയിലായി. ആലപ്പുഴ വളളികുന്നം കാമ്പിശ്ശേരിമുക്ക് ഊപ്പൻ വിളയിൽ ഷാഫിറിനേയും കുടുംബത്തേയും ആക്രമിച്ചവരാണ് പോലീസ് പിടിയിലായത്. തേവലക്കര പാലയ്ക്കൽ സ്വദേശികളായ കുളത്തിൽ വടക്കതിൽ വീട്ടിൽ ബാബു മകൻ അഖിൽ ബാബു (20), തയ്യിൽ തെക്കതിൽ ശിവൻ മകൻ ദേവദത്ത് (22), കുമ്പളത്ത് പടീറ്റതിൽ ഷറഫുദ്ദീൻമകൻ ആഷിക് (21)




എന്നിവരാണ് പോലീസ് പിടിയിലായത്. സംഭവത്തിന് ശേഷം ഇവർ ഒളിവിൽ കഴിഞ്ഞ് വരുകയായിരുന്നു. ജില്ലാ പോലീ സ് മേധാവി നാരായണൻ റ്റി. ഐ.പി.എസ്സിന് ലഭിച്ച രഹസ്യവിവരമാണ് ഇവരുടെ അറസ്റ്റിലേക്ക് നയിച്ചത്. കേസിലെ ഒന്നാം പ്രതിയായ അഖിലിനെ സംഭവ ദിവസം തന്നെ പോലീസ് പിടികൂടിയിരുന്നു. തെക്കുംഭാഗം ഇൻസ്പെക്ടർ ദിലീഷ് കുമാർ. എം, എസ്.ഐ മാരായ സുജാതൻപിള്ള, ജയകുമാർ ആർ, വിജയകുമാർ, എ.എസ്സ്.ഐ മാരായ അജയൻ, ഹരികൃഷ്ണൻ, പ്രമോദ്, രാജേഷ്, സി.പി.ഓ മാരാ യ രിപു, രതീഷ് എന്നിവരടങ്ങിയ സംഘമാണ്. പ്രതികളെ അറസ്റ്റ് ചെയ്തത്. ഇവരെ റിമാന്റ് ചെയ്തു.

## വില്ലേജ് ഓഫീസറുടെ ജോലി തടസ്സപ്പെടുത്തി ഭീഷണിപ്പെടുത്തിയ ആൾ അറസ്റ്റിൽ

കൊല്ലം : പൂതക്കുളം വില്ലേജ് ഓഫീസറെ ഓഫീസിൽ കയറി ആക്രമിച്ചയാളെ പോലീസ് പിടികൂടി. പൂതക്കുളം വില്ലേജ് ഓഫീസർ പ്രമോദാണ് ആക്രമണത്തിനിരയായത്.പൂതക്കുളം തോപ്പിൽ വീട്ടിൽ സഹദേവൻ മകൻ ശ്യാം ലാൽ (50) ആണ് പോലീസ് പിടിയിലായത്. കഴിഞ്ഞ ദിവസം ഉച്ചയോടെ വില്ലേജ് ഓഫീസിലെത്തിയ ഇയാൾ വില്ലേജ് ഓഫീസറെ ആക്രമിക്കുകയായിരുന്നു. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഉടൻ നൽകാതിരുന്ന വിരോധത്തിലാണ് ഇയാൾ വില്ലേജ് ഓഫീസറെ ആക്രമിച്ചത്. തുടർന്ന് സ്ഥലത്തെത്തിയ പോലീസ് സംഘം ഇയാളെ കസ്റ്റഡിയിൽ എടുക്കുകയായിരുന്നു.




പരവൂർ ഇൻസ്പെക്ടർ നിസാർ. എ, എസ്സ്.ഐ മാരായ വിജിത് കെ നായർ, സാബുലാൽ, എ.എസ്സ്.ഐ പ്രമോദ്, സിപിഓ മാരായ അരുൺകുമാർ, ലിജൂ എന്നിവരടങ്ങിയ സംഘമാണ് ഇയാളെ കസ്റ്റഡിയിൽ എടുത്തത്. ഇയാളെ റിമാന്റ് ചെയ്തു.

# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 25/08/2021

## യുവാവിനെ വെട്ടി കൊലപ്പെടുത്താൻ ശ്രമം. ഒളിവിൽ പോയ പ്രതി പോലീസ് പിടിയിലായി

കൊല്ലം : യുവാവിനെ വിളിച്ച് വരുത്തി മുൻവൈരാഗ്യം മൂലം വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലെ പ്രധാനി പോലീസ് പിടിയിലായി. കഴിഞ്ഞ 17-ാം തീയതി കരുനാഗപ്പള്ളി റെയിൽവേ ഗേറ്റിന് സമീപം താമസിക്കുന്ന ഷാൻ എന്ന യുവാവിനെ വിളിച്ച് വരുത്തി അഭിപ്രായ വ്യത്യാസത്തെ തുടർന്ന് വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ചയാളാണ് പോലീസ് പിടിയിലായത്. കരുനാഗപ്പള്ളി താലൂക്കിൽ ചവറ വില്ലേജിൽ കോട്ടയ്ക്കകം മുറിയിൽ മഹാത്മാ സ്ക്കൂളിന് സമീപം മണ്ണാന്റയ്യത്ത് കോളനിയിൽ കളച്ചിറ വീട്ടിൽ ബാഹുലേയൻ മകൻ കുട്ടി രാഹുൽ എന്നു വിളിക്കുന്ന രാഹുൽ (30) ആണ് പോലീസ് പിടിയിലായത്.സംഭവത്തിന് ശേഷം ഒളിവിൽ പോയ ഇയാളെ ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി. ഐ.പി.എസ്സിന്റെ നിർദ്ദേശപ്രകാരമാണ് പിടികൂടിയത്. സംഘത്തിലെ പ്രവീണ്‍, അൻഷാദ് എന്നിവർ നേരത്തെ പോലീസ് പിടിയിലായിരുന്നു. രാഹുൽ മുൻപ് കാപ്പാ പ്രകാരം കരുതൽ തടങ്കലിൽ കഴിഞ്ഞിട്ടുണ്ട്. വെട്ടേറ്റ ഷാൻ ആലപ്പുഴ മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്.




സാമ്പത്തികയിടപാടിനെ തുടർന്നുണ്ടായ തർക്കമാണ് വിരോധത്തിലേക്ക് നയിച്ചത്. ചവറ ഇൻസ്പെക്ടർ എ. നിസാമുദ്ദീൻ, സബ്ബ് ഇൻസ്പെകടർ സുകേഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. ഇവരെ റിമാന്റ് ചെയ്തു.

## ക്വാറന്റൈൻ ലംഘനം - കർശന നടപടിയുമായി അഞ്ചാലുമ്മൂട് പോലീസ്

### ക്വാറന്റൈൻ ലംഘിച്ച് പുറത്തിറങ്ങി മാർക്കറ്റിലും പള്ളിയിലും കടകളിലും യാത്ര ചെയ്ത അഞ്ചാലുമ്മൂട് നിവാസിക്കെതിരെ പോലീസ് കേസെടുത്തു.

കൊല്ലം : ക്വാറന്റൈൻ ലംഘിച്ച് പൊതുസ്ഥലങ്ങളിലും പള്ളിയിലും മറ്റും കറങ്ങി നടന്ന അഞ്ചാലുമ്മൂട് സ്വദേശിയായ മധ്യവയസ്കനെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു. അഞ്ചാലുമ്മൂട് കുരീപ്പുഴ അയ്യൻകോയിക്കൽ സ്വദേശിക്കെതിരെയാണ് അഞ്ചാലുമ്മൂട് പോലീസ് കേസെടുത്തത്. ക്വാറന്റൈനിൽ കഴിഞ്ഞിരുന്ന ടിയാൻ ആയത് ലംഘിച്ച് പള്ളിയിലും മാർക്കറ്റിലും കടകളിലും മറ്റും പോയതിനെത്തുടർന്നാണ് ടിയാനെതിരെ ക്വാറന്റൈൻ ലംഘനത്തിന് കേസെടുത്തത്. ഇയാൾ കോവിഡ് രോഗിയുമായി പ്രാഥമിക സമ്പർക്കം ഉണ്ടായതിനെ ക്വാറന്റൈനിൽ കഴിയണമെന്ന അഞ്ചാലുമൂട് പോലീസ് നൽകിയ നിർദ്ദേശം ലംഘിച്ചാണ് ഇയാൾ പൊതുസ്ഥലങ്ങളിൽ കറങ്ങി നടന്നത്. കോവിഡ് പകർച്ചവ്യാധി കൂടിയ മേഖലകളിൽ പോലീസ് നിരീക്ഷണം ശക്തിപ്പെടുത്തുമെന്നും ക്വാറന്റൈൻ ലംഘനത്തിനെതിരെ കർശന നടപടി തുടരുമെന്നും സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി. ഐ.പി.എസ്സ് അറിയിച്ചു.